പതിനാലാം കേരളനിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 211

04.06.2018-ൽ മറുപടിക്ക്

## കോടഞ്ചേരിയിൽ ഗർഭസ്ഥശിശു മരിക്കുവാനിടയായ സംഭവം

| ചോദ്യം<br>ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ<br>,, അൻവർ സാദത്ത്<br>,, ഹൈബി ഈഡൻ<br>,, വി.ടി.ബൽറാം | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) കോടഞ്ചേരിയിൽ ഗർഭിണിയായ ജോത്സന എന്ന യുവതിയുടെ വയറ്റിൽ ചവിട്ടേറ്റതിനാൽ ഗർഭസ്ഥശിശു മരിക്കുവാനിടയായെന്ന് ആരോപിക്കപ്പെട്ട സംഭവത്തിൽ അന്വേഷണം ഏത് ഘട്ടത്തിലാണ്; | (എ) കോടഞ്ചേരിയിൽ ഗർഭിണിയായ ജോത്സന എന്ന യുവതിയുടെ വയറ്റിൽ ചവിട്ടിയ സംഭവത്തിന് കോടഞ്ചേരി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 21/18 U/s. 143, 147, 447, 341, 323, 324, 316 r/w 149 IPC ആയി കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അന്വേഷണ മദ്ധ്യേ 354 IPC പ്രകാരമുള്ള കുറ്റകൃത്യം നടന്നിട്ടുണ്ട് എന്ന് വെളിവായതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത വകുപ്പുകൂടി കൂട്ടിച്ചേർത്ത് അന്വേഷണം നടത്തിയതിൽ പ്രതി പട്ടികയിൽ ഉൾപ്പെട്ട 7 പ്രതികളേയും അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തിട്ടുള്ളതും കേസ്സ് ഇപ്പോൾ അന്വേഷണാവസ്ഥയിലുമാണ്. |
| (ബി) കേസിന്റെ ഇടരന്വേഷണം ക്രൈംബ്രാഞ്ച് ഡി.വൈ.എസ്.പി.ക്ക് കൈമാറിയിട്ടുണ്ടോ; ഈ വിഷയം ഡി.വൈ.എസ്.പി. റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥൻ അന്വേഷിക്കണമെന്ന് സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നൽകിയ ഉത്തരവിന്റെ അടിസ്ഥാനത്തിലാണോ ഈ തീരുമാനം കൈക്കൊണ്ടത് എന്നറിയിക്കാമോ; | (ബി) ബഹു.സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ നിർദ്ദേശിക്കുന്നതിന് മുമ്പുതന്നെ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയുടെ ഉത്തരവ് പ്രകാരം ടി കേസ്സിന്റെ അന്വേഷണം ജില്ലാ ക്രൈംബ്രാഞ്ച് വിഭാഗം ഡി.വൈ.എസ്.പി.ക്ക് കൈമാറിയിട്ടുള്ളതാണ്. |
| (സി) ഈ പ്രശ്നത്തിൽ ദേശീയ ന്യൂനപക്ഷ കമ്മീഷൻ കോഴിക്കോട് റൂറൽ ജില്ലാ പോലീസ് മേധാവിയോട് നേരിട്ട് ഹാജരായി റിപ്പോർട്ട് നൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; | (സി) ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ദേശീയ ന്യൂനപക്ഷ കമ്മീഷൻ എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ? | (ഡി) കമ്മീഷൻ മുമ്പാകെ ജില്ലാ പോലീസ് മേധാവി ഹാജരായി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. പരാതിക്കാരിക്ക് എല്ലാ സഹായങ്ങളും സംരക്ഷണവും നൽകുവാൻ ബഹു.ദേശീയ ന്യൂനപക്ഷ കമ്മീഷൻ നിർദ്ദേശിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ